No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## KEAM-2020

## എം.ബി.ബി.എസ്/ബി.ഡി.എസ്/അഗ്രിക്കൾച്ചർ/വെറ്ററിനറി/ഫിഷറീസ്/ഫോറസ്ട്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

## ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2020-ലെ എം.ബി.ബി.എസ്/ബി.ഡി.എസ്/അഗ്രിക്കൾച്ചർ/വെറ്ററിനറി/ഫിഷറീസ്/ഫോറസ്ട്രി കോഴ്സുകളിലേക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 10.11.2020 മുതൽ 15.11.2020 വൈകിട്ട് 5.00 മണി വരെയും 18.11.2020 മുതൽ 19.11.2020 ഉച്ചയ്ക്ക് 12.00 മണി വരെയും വിദ്യാർത്ഥികൾ നൽകിയ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പാലക്കാട് കരുണ മെഡിക്കൽ കോളേജിലേയ്ക്ക് ഈ ഘട്ടത്തിൽ ഓപ്ഷൻ ക്ഷണിച്ചുവെങ്കിലും അലോട്ട്മെന്റിനായി പരിഗണിച്ചിട്ടില്ല. ഈ കോളേജിനെ രണ്ടാം ഘട്ട അലോട്ട്മെന്റിന് പരിഗണിക്കുന്നതായിരിക്കും.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, അലോട്ടുമെന്റ് മെമ്മോ, പ്രോസ്പെക്ടസ്സ് ക്ലോസ് 11.7.1 പ്രകാരമുള്ള മറ്റു രേഖകൾ എന്നിവ കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

2020–21 അദ്ധ്യയന വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വാർഷിക ട്യൂഷൻ ഫീസ് 11.11.2020 ലെ G.O.(MS)No.218/2020/H&FWD ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ട്യൂഷൻ ഫീസ് വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു. 13.11.2020 ലെ WP(c) No.24070,24219, 24725/2020 എന്നീ ഹർജികളിൽ ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വിവിധ സ്വാശ്രയ മെഡിക്കൽ കോളേജ് അധികൃതർ ആവശ്യപ്പെട്ടിരിക്കുന്ന പരമാവധി വാർഷിക ഫീസ് വെബ് സൈറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. (18.11.2020 ഈ ഓഫീസിലെ വിജ്ഞാപനപ്രകാരം) എന്നാൽ നിലവിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ G.O.(MS)No.218/2020/H&FWD എന്ന സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസ് മാത്രം അടച്ചാൽ മതിയാകും. ആയതിനൊപ്പം കോടതിയുടെ അന്തിമ വിധിക്കനുസൃതമായി ബഹു.കോടതിയോ/കോടതി നിർണ്ണയിക്കുന്ന അധികാര സ്ഥാപനമോ നിശ്ചയിക്കുന്ന വാർഷിക ഫീസ് ഈ ഘട്ടത്തിൽ അടയ്ക്കുന്ന ഫീസിനേക്കാൾ അധികമാകുന്ന പക്ഷം, അധിക തുക അടയ്ക്കാൻ ബാധ്യസ്ഥരാണെന്ന് സമ്മതപത്രം (undertaking), പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിരിക്കുന്ന മാതൃകയിൽ ബന്ധപ്പെട്ട കോളേജധികാരിക്ക് നൽകേണ്ടതുമാണ്. ഈ ഘട്ടത്തിൽ അടയ്ക്കേണ്ട ഫീസ് സംബന്ധമായ വിവരങ്ങൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ ഒ.ഇ.സി–ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ/ 20.06.2005 തീയതിയിലെ GO(Ms) No. 25/2005/SCSTDD, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ.ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ഫീസ് ഒടുക്കേണ്ടതില്ല. എന്നാൽ ഇത്തരം വിദ്യാർത്ഥികൾക്ക് സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ടോക്കൺ ഫീസ് അടയ്ക്കേണ്ടതും ഫീസിളവിന് അർഹരുമല്ലാതാകുന്നതുമാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുമായ ഫീസ് **2020 നവംബർ 21 മുതൽ 26 വരെ** തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ **നവംബർ 26 വൈകിട്ട് 3.00** മണിയ്ക്കുള്ളിൽ പ്രവേശനം നേടേണ്ടതാണ്. പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിരിക്കുന്ന തുക മാത്രം ഈ ഘട്ടത്തിൽ അതാത് കോളേജിൽ അടച്ചാൽ മതിയാകും.

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിന്റെ കീഴിൽ വരുന്ന ഫിഷറീസ് [ബി.എഫ്.എസ്.സി] കോഴ്സിന്റെ സെമസ്റ്റർ ഫീസ് 6050 ൽ നിന്നും 8052 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിലേക്ക് എൻ.ആർ. ഐ ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളവർ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ 22.10.2020 ലെ No.ASC100/20/Medical& Allied courses/NRI, ഉത്തരവ് അനുശാസിക്കുന്ന എൻ.ആർ.ഐ സർട്ടിഫിക്കറ്റ് സംബന്ധിച്ച് മെമ്മോ ഉള്ള വിദ്യാർത്ഥികൾ എൻ.ആർ.ഐ ക്വാട്ടയിലേക്ക് പരിഗണിക്കുന്നതിന് ആവശ്യമായതും ന്യൂനതകൾ പരിഹരിക്കുന്നതിന് മെമ്മോയിൽ സൂചിപ്പിച്ചിരിക്കുന്നതുമായ ആധികാരിക രേഖകൾ രണ്ടാം ഘട്ട അലോട്ട്മെന്റിന് രണ്ട് ദിവസം മുൻപോ/ഒന്നാം ഘട്ട അലോട്ട്മെന്റ് മുതൽ ഒരു മാസത്തിനകം ഏതാണോ ആദ്യം വരുന്നത്, ആ തീയതിക്കകം ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ഓൺലൈനായി സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്ത് ന്യൂനതകൾ പരിഹരിക്കാത്ത വിദ്യാർത്ഥികളുടെ എൻ.ആർ.ഐ കാറ്റഗറിയും എൻ.ആർ.ഐ ക്വാട്ടയിലെ അഡ്മിഷനും റദ്ദാകുന്നതാണ്. ഇത്തരം വിദ്യാർത്ഥികളുടെ ഈ ഘട്ടത്തിലെ അലോട്ട്മെന്റ് താത്ക്കാലികമായിരിക്കും.

മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റിന് മുൻപായി അർഹതയുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്ത ഓപ്ഷനുകൾ റദ്ദ് ചെയ്യുന്നതിനും, പുതിയ കോഴ്സുകളോ കോളേജുകളോ ഉൾപ്പെടുത്തുന്ന പക്ഷം അവയിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

**കുറിപ്പ്: നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത മുഴുവൻ വിദ്യാർത്ഥികളുടെ അലോട്ട്മെന്റും, ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.**

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

തിരുവനന്തപുരം
20.11.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**

No. CEE/4600/2019/KEAM-2020/TA3

GOVERNMENT OF KERALA
OFFICE OF THE COMMISSIONER FOR ENTRANCE EXAMINATIONS
Housing Board Buildings, Santhi Nagar, Thiruvananthapuram – 695 001

# NOTIFICATION
# KEAM- 2020

## ADMISSION TO MBBS COURSES
## ATTENTION TO CANDIDATES

In continuation of the notification dated 16.11.2020 the fee structure of the following Self-financing colleges (including revised fee) are displayed.

| FEES STRUCTURE (MBBS) | | | |
|---|---|---|---|
| Sl.No | Self-financing Medical colleges | General (85%) | NRI (15%) |
| 1 | Dr.Somervell Memorial C.S.I Medical Colleges & Hospital,Thiruvananthapuram | 12,00,000/- | 25,00,000/- |
| 2 | KMCT Medical College, Kozhikkode | 12,00,000/- | 20,00,000/- |
| 3 | Mount Zion Medical College, Pathanamthitta | 15,00,000/- | 25,00,000/- |
| 4 | Al-Azhar Medical College & Super Speciality Hospital, Thodupuzha | 15,41,680/- | 25,00,000/- |
| 5 | Azeezia Institute of Medical Science & Research | 20,70,000/- | 28,75,000/- |
| 6 | MES Medical College, Perinthalmanna | 10,48,000/- | 23,69,000/- |
| 7 | Amala Institute of Medical Sciences, Thrissur | 7,65,000/- | 22,00,000/- |
| 8 | Jubilee Mission Medical College &Research Institute | 7,65,000/- | 22,00,000/- |
| 9 | Malankara Orthodox Syrian Church Medical College | 7,65,000/- | 22,00,000/- |
| 10 | Pushpagiri Institute of Medical Sciences & Research Centre, Thiruvalla | 7,65,000/- | 22,00,000/- |
| 11 | Sree Narayana Institute of Medical Sciences, EKM | 15,65,000/- | 25,00,000/- |
| 12 | PK Das Institute of Medical Sciences, Palakkad (Revised) | 16,00,000/- | 22,00,000/- |
| 13 | Karuna Medical College, Palakkad (Revised) | 16,00,000/- | 25,00,000/- |
| 14 | Travancore Medical College, Kollam | 11,00,000/- | 20,00,000/- |
| 15 | Malabar Medical College & Research Centre, Kozhikode | 12,37,000/- | 25,00,000/- |
| 16 | Sree Gokulam Medical College & Research Foundation, Thiruvananthapuram | 12,65,000/- | $.46,000/-USD |
| 17 | DM Wims Medical College, Meppadi, Wayanad | 15,00,000/- | 25,00,000/- |
| 18 | Believers Church Medical College Hospital, Thiruvalla | 11,50,000/- | 20,00,000/- |

This notification is issued in compliance of Hon'ble High court order No. WP(C)No.24070/2020, 24219 of 2020 and 24725 dated. 13.11.2020.

Helpline Number: 0471-2525300

Commissioner for Entrance Examinations

Thiruvananthapuram

18.11.2020